# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1608

14-12-2012 ൽ മറുപടിയ്ക്ക്

## രാഷ്ട്രീയ കൃഷി വികാസ് യോജന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം 2012-13 വർഷത്തെ തിരുവനന്തപുരം ജില്ലാ കാർഷിക പദ്ധതി തയ്യാറാക്കപ്പെട്ടത് എന്നാണ് ; | (എ) 2012-13 ൽ തിരുവനന്തപുരം ജില്ലയിൽ ജില്ലാ കാർഷിക പദ്ധതി തയ്യാറാക്കിയിട്ടില്ല. |
| (ബി) ജില്ലാ കാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ് ; ഇതിന്റെ മാനദണ്ഡങ്ങൾ എന്താണ് ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) ഓരോ ജില്ലയുടെയും കൃഷിയുടെയും കാർഷികാനുബന്ധ മേഖലകളിലെയും വികസനത്തിനാവശ്യമായ പദ്ധതികളാണ് തെരഞ്ഞെടുക്കുന്നത്. ജില്ലയുടെ ഭൂപ്രകൃതി, കാലാവസ്ഥ, ലഭ്യമായ സാങ്കേതിക വിദ്യകൾ, ഭൂവിഭവങ്ങൾ എന്നിവ കണക്കിലെടുത്ത് ഉല്പാദനവും, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. |
| (സി) ജില്ലാ കാർഷിക പദ്ധതി അംഗീകരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ